# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.15/223/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി: 20/02/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
2)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്.
എബികെ

നം. കെ.എസ്.എ.എം.പി.എം.15/223/2019

തിയ്യതി: 20/02/2019

## മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.07.2017 മുതൽ 13.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ആർ അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ

-------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :14.01.2019 മുതൽ 24.01.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ) |
| ശ്രീ. ദിനേശൻ എം | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി സെൽമത്ത് ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി.ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി ഫാത്തിമ പൊതുവാത്ത് | 01.04.2017 മുതൽ 31.03.2018വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ജോൺ ടി (സെക്രട്ടറി ഇൻ ചാർജ്ജ്) | 01.04.2017 മുതൽ 27.04.2017 FNവരെ |
| | ശ്രീ.രാജേഷ് എം | 27.04.2017 AN മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനിയർ | ശ്രീ.രവിശങ്കർ വി (എംപ്ലോയ്മെന്റ് മുഖേന) | 01.04.2017 മുതൽ 20.06.2017FN വരെ |
| | ശ്രീ. ബിബിൻ എൻ.വി | 20.06.2017AN മുതൽ 29.10.2017 വരെ |
| | ശ്രീമതി ആൻസി ജോസ് | 30.10.2017 മുതൽ |

| | | |
|---|---|---|
| | | 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. അനിൽകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സൗദ.എ.പി (എംപ്ലോയ്മെന്റ് മുഖേന) | 01.04.2017 മുതൽ 12.04.2017 വരെ |
| | ശ്രീമതി ഹണി ഗംഗാധരൻ | 13.04.2017 മുതൽ 02.08.2017 വരെ |
| | ശ്രീ. അജിതൻ എൻ | 03.08.2017 മുതൽ 26.12.2017 വരെ |
| | ശ്രീ ജേക്കബ് ജോർജ്ജ് (അധികച്ചുമതല) | 27.12.2017മുതൽ 28.02.2018 വരെ |
| | ശ്രീ. അജിതൻ എൻ | 01.03.2018 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ.സ്മിത വിൽസൺ | 01.04.2017 മുതൽ 11.1.2018FN വരെ |
| | ഡോ.ഫാത്തിമ ഫായിസ | 11.01.2018 AN മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ, | ശ്രീ മഹേഷ് പി (താനൂർ ബ്ലോക്ക് പഞ്ചായത്ത്) | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രജിത ടി | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. സി മോഹൻദാസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഗോപകുമാർ.കെ.കെ | 01.04.2017 മുതൽ 03.01.2018 വരെ |
| | ഡോ.നഫ്ല പി.എം | 04.01.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. നഷ്റ കെ.സി | 01.04.2017 മുതൽ 14.08.2017FNവരെ |
| | ഡോ.ഷീജ എം.കെ | 14.08.2017AN മുതൽ 31.08.2017 വരെ |
| | ഡോ.നസീറ | 01.09.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |

| | | |
|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | ഡി ആന്റ് ഒ ലൈസൻസ് പുതുക്കുന്നതിനുള്ള സമയക്രമം പാലിക്കുന്നില്ല. | 2-1 |
| 14 | സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 2-2 |
| 15 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല | 2-3 |
| 16 | വില്ലേജ് ഓഫീസിൽ നിന്ന് വസ്തു നികുതി നിർണയിച്ചതിലെ അപാകത | 2-4 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 17 | പെരുമണ്ണ ക്ലാരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ HMC വരവ്-ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല | 3-1 |
| 18 | പരിരക്ഷാ പദ്ധതിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭ്യമായില്ല | 3-2 |
| 19 | പരിരക്ഷാ സ്റ്റോർ റൂം – വിട്രിഫൈഡ് ടൈലിന് പകരം സെറാമിക് ടൈൽ ഉപയോഗിച്ചു – 8697/- രൂപ നഷ്ടം | 3-3 |
| 20 | ഹോമിയോ ഡിസ്പെൻസറിക്ക് സ്റ്റോർ റൂം – അളവ് രേഖപ്പെടുത്തിയതിലെ അപാകതകൾ കാരണം 17,697/- രൂപ നഷ്ടം | 3-4 |

| | | |
|---|---|---|
| 21 | പൊതുമരാമത്ത് പ്രൊജക്ടുകളുടെ ആസൂത്രണവും നിർവഹണവും – പൊതുവായ ന്യൂനതകൾ | 3-5 |
| 22 | ചെലവ് രേഖകൾ ലഭിച്ചിട്ടില്ല | 3-6 |
| 23 | കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-7 |
| 24 | പട്ടികജാതിയിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ – നിർവഹണത്തിലെ അപാകതകൾ | 3-8 |
| 25 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് – നിർവഹണത്തിലെ അപാകതകൾ | 3-9 |
| 26 | ആശ്രയ പദ്ധതി– നല്കിയ ആനുകൂല്യങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമല്ല | 3-10 |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 30 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 34 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ | 4-8 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് , ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2017-18 വർഷത്തെ ബജറ്റ് പാസാക്കിയ തീരുമാനനമ്പർ, തിയതി | ബജറ്റ് പുതുക്കിയ തീരുമാന നമ്പർ, തിയതി |
|---|---|
| I/29.03.2017 | I/24.03.2018 |

## 1-2 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|---|
| 2017-18 | 31.07.2018 | 12.06.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ തിയതി |
|---|---|---|
| 2017-18 | 22.06.18<br>23.06.18 | കെ.എസ്.എ<br>എം.പി.എം15/1490/18<br>തിയതി 04.07.2018 |

## 1-4 സാമ്പത്തികവിശകലനം(എ.എഫ്.എസ് പ്രകാരമുള്ള വിവരങ്ങൾ)

| | |
|---|---|
| മുന്നിരിപ്പ് | 2,57,17,186 |
| വരവ് | 5,49,52,338 |
| ആകെ | 8,06,69,524 |
| ചെലവ് | 6,52,67,474 |
| നീക്കിയിരിപ്പ് | 1,54,02,050 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | | 1,18,59,000 | 1,18,59,000 | 1,10,93,631 | 7,65,369 |
| വികസനഫണ്ട് (എസ്.സി.പി) | | 12,95,209 | 12,95,209 | 12,92,082 | 3,127 |
| വികസനഫണ്ട് (ടി.എസ്.പി) | | 2,998 | 2,998 | -- | 2,998 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | 22,98,000 | 22,98,000 | 13,29,924 | 9,68,076 |
| സംരക്ഷണഫണ്ട് (നോൺ റോഡ്) | | 26,88,000 | 26,88,000 | 21,78,535 | 5,09,465 |
| സെന്ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 55,70,193 | 55,70,193 | 51,48,460 | 4,21,733 |
| കെ.എൽ.എസ്.ജി.ഡി.പി (സ്റ്റേറ്റ്) | | 7,39,179 | 7,39,179 | 7,39,179 | -- |
| കെ.എൽ.എസ്.ജി.ഡി.പി (സെന്ട്രൽ) | | 4,73,252 | 4,73,252 | 4,73,252 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | | 61,65,367 | 61,65,367 | 61,65,367 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | 19,955 | 5,68,883 | 5,88,838 | 5,78,555 | 10,283 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ബ്ലോക്ക്) | | 8,10,847 | 8,10,847 | 1,33,584 | 6,77,263 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ജില്ലാ പഞ്ചായത്ത്) | 977 | 1,00,000 | 1,00,977 | 31,000 | 69,977 |
| ബി ഫണ്ട് | -- | 2,76,19,000 | 2,76,19,000 | 2,76,19,000 | -- |
| തനത്ഫണ്ട് ബാങ്ക് PKSCB | 66,16,838 | 62,41,702 | 1,28,58,540 | 82,55,902 | 46,02,638 |
| തനത് ഫണ്ട് ട്രഷറി അക്കൗണ്ട് | 81,17,011 | 99,02,414 | 1,80,19,425 | 1,74,86,250 | 5,33,175 |

| | | | | | |
|---|---|---|---|---|---|
| SSA | 15,011 | 559 | 15,570 | 0 | 15,570 |
| SBITSC | 1,577 | 75 | 1,652 | 0 | 1,652 |
| Canara SGRY | 66,963 | 2,578 | 69,538 | 0 | 69,538 |
| ജലനിധി | 1,08,70,731 | 0 | 1,08,70,731 | 12,92,261 | 95,78,470 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 144 | 4,62,25,062 | 96 | 2,87,23,352 | 36 | 12 | 66.66% |

## 1-7 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 19,955 | 5,68,883 | 5,88,838 | 5,78,555 | 10,283 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | -- | 61,65,367 | 61,65,367 | 61,65,367 | -- |

## 1-8 സാമൂഹ്യക്ഷേമപെൻഷനുകൾ

റിപ്പോർട്ട് വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 5,400 | 11 |
| കർഷകതൊഴിലാളി പെൻഷൻ | 7,82,500 | 72 |
| വിധവാപെൻഷൻ | 80,84,000 | 693 |
| വാർദ്ധക്യകാലപെൻഷൻ | 1,56,61,400 | 1295 |
| വികലാംഗപെൻഷൻ | 28,24,700 | 270 |
| വിവാഹധനസഹായം | 1,80,000 | 06 |
| 50 വയസിന് മുകളിലുള്ളവർക്കുള്ള സഹായം | 54,000 | 07 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.01.2019 ന് 10.30 മണിക്ക് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,008/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. ഓഡിറ്റ് റിക്കവറി രജിസ്റ്റർ വേണ്ടത്ര രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ആർജ്ജിച്ച ആസ്തികളുടെ കൃത്യതയില്ല
3. ഫ്രണ്ട് ഓഫീസ് ഡയറി എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും ലഭിച്ച തപാലുകൾ സമയാസമയങ്ങളിൽ സെക്ഷനുകൾക്ക് കൈമാറുകയോ തീരുമാനമെടുക്കുന്ന തപാലുകൾ തിയതി വെച്ച് സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല

4)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

5) വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല.

6) പ്രധാന അധ്യാപകൻ ചട്ടപ്രകാരം സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV) സൂക്ഷിക്കുന്നില്ല.

7) മെഡിക്കൽ ഓഫീസർ (അലോപതി) സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പ്രോജക്ട് രജിസ്റ്റർ

(അനുബന്ധം ബി V) എന്നിവ സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.12.18 | നവംബർ 2018 | 20.12.2018 |
| എ.ജി ഓഡിറ്റ് | 22.07.08 മുതൽ 31.07.09 വരെ | 1999 മുതൽ 2007-08 വരെ | 28.08.2008 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 65(v)എ പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, ചട്ടം 65(v)ഇ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ എന്നിവ തയ്യാറാക്കിയിട്ടില്ല

2. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. B-14 schedule പ്രകാരം 46,191 രൂപയുടെ സ്റ്റോക്ക് ബാലൻസ് ഉണ്ട്.

3. അഡ്വാൻസ് രജിസ്റ്ററിൽ ഓണം അഡ്വാൻസ് ഒഴികെയുള്ള മുൻകൂറുകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല (മുൻ വർഷ എ.എഫ്.എസിൽ advance to implementing officers ആയി കാണിച്ച 12,27,064/- രൂപ നാളിതുവരെ ക്രമീകരിച്ചിട്ടില്ല).

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് (B-11 schedule) പ്രകാരമുള്ള ആസ്തികളുടെ രേഖപ്പെടുത്തൽ പരിശോധിക്കാനായിട്ടില്ല

5. വസ്തുനികുതി കുടിശ്ശിക ഡിമാന്റ്, കലക്ഷൻ എന്നിവയിൽ എ.എഫ്.എസും സഞ്ചയ സോഫ്റ്റ്‌വെയറുമായി താഴെ കാണിച്ച വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

| | എ.എഫ്.എസ് പ്രകാരം | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് | 4,54,566 | 4,86,643 | (-)32,077 |
| കലക്ഷൻ | 4,86,643 | 4,91,345 | (-)4,702 |

6. വാർഷിക കണക്കിലെ താഴെ പറയുന്ന ഇനങ്ങളിലെ കലക്ഷൻ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

| ക്രമനമ്പർ | ഇനം | വാർഷികകണക്ക് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|---|
| 1 | Application fee | 7,185 | 7,135 |
| 2 | Permit fee | 1,13,325 | 1,13,355 |

7. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ ലഭ്യമാക്കിയില്ല

8. ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തെക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല

9. തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള ഗ്രാന്റ് തുകകൾ സംയോജിത ശിശുവികസനഫണ്ട്, ശുചിത്വമിഷൻ ഗ്രാന്റ് തുടങ്ങിയവക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ല

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ് പുതുക്കുന്നതിനുള്ള സമയക്രമം പാലിക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായും, പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പായും ലൈസൻസിന് സമർപ്പിക്കേണ്ടതുണ്ട്.

2017-18 വർഷത്തിൽ 196 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പുതുക്കി നൽകിയ 152

ലൈസൻസുകളിൽ 60 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുക്കുന്നതിനുള്ള സമയക്രമം പാലിച്ചിട്ടുള്ളത്. പുതിയ അപേക്ഷകർ സപ്ലിമെന്ററി ആയി വാർഡ് അടിസ്ഥാനത്തിൽ ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2016-17 ൽ 178 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്, എന്നാൽ 2017-18 ൽ 18 സ്ഥാപനങ്ങൾക്ക് കൂടി ലൈസൻസ് അനുവദിച്ചിട്ടുണ്ട്, 2017-18 ൽ ആകെ 196 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ 2017-18 ലെ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 44 അപേക്ഷകൾ പുതിയ അപേക്ഷകളാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 2016-17 ലൈസൻസ് അനുവദിച്ച എല്ലാ കടകളും 2017-18 ൽ പുതുക്കിയിട്ടില്ല. 2016-17 ൽ ക്ലോസ് ചെയ്ത കടകളുടെ വിവരം രജിസ്റ്ററിലോ , ട്രേഡേഴ്സ് ലിസ്റ്റിലോ ഇല്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (9/22.01.2019) കാല താമസം കൂടാതെ ലൈസൻസ് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

## 2-2 സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ളതോ അല്ലാത്തതോ ആയ സമ്പൂർണ്ണമായ സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ മുൻവർഷം ഡിമാന്റ് ചെയ്ത സ്ഥാപനങ്ങൾക്ക് മാത്രം ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽനികുതി പിരിച്ചെടുക്കുന്ന രീതിയാണ് പിന്തുടരുന്നത്. ഇക്കാരണത്താൽ തൊഴിൽ നികുതി ചുമത്താവുന്ന ധാരാളം പേർ നികുതി വലയത്തിൽ നിന്നും പുറത്തു നിൽക്കുന്ന അവസ്ഥ നിലനിൽക്കുന്നു. തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഫോറം നമ്പർ VI ൽ നോട്ടീസ് നൽകി 15 ദിവസത്തിനകം റിട്ടേൺ സ്വീകരിച്ച് ആയത് പ്രകാരം ഡിമാന്റ് ചെയ്യുന്നതിന് നടപടികൾ കൈക്കൊള്ളുന്നില്ല. ഇത് കച്ചവട സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി ചോർച്ചയ്ക്ക് കാരണമാകുന്നു.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (10/22.01.2019) സ്ഥാപന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

## 2-3 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

പഞ്ചായത്ത് പ്രദേശത്ത് ഓരോ അർദ്ധ വർഷത്തിലും മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടേയും, 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്തോ അല്ലെങ്കിൽ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് പഞ്ചായത്തിന് വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ ബിസിനസ് നടത്തുകയോ, ഉദ്യോഗം വഹിക്കുന്നതോ അല്ലെങ്കിൽ 60ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവനോ ആയ ഏതൊരാൾക്കും തൊഴിൽ നികുതി ചുമത്തേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) നിയമം വകുപ്പ് 204)

ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി അടക്കുന്നില്ല. 2017-18 ലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പ്രകാരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| ക്ര.ന | ഡി & ഒ ലൈസൻസ് രജിസ്റ്റർ ക്ര.നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | 3 | മാസ്റ്റർ ടെക് ഏജൻസീസ് | 4 |
| 2 | 21 | റോളക്സ് ഹോട്ടൽ | 3 |
| 3 | 40 | കോകേഷി ജ്വേല്ലറീസ് & ഇന്റീരിയേഴ്സ് | 6 |

| ക്ര.ന | ഡി & ഒ ലൈസൻസ് രജിസ്റ്റർ ക്ര.നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 4 | 41 | മുബാറക്ക് ഫർണിച്ചർ | 3 |
| 5 | 51 | മലബാർ ഐസ് ഫാക്ടറി | 4 |
| 6 | 72 | ഹൈ ഫൈ ഫുഡ് പ്രോഡക്ട്സ് | 3 |
| 7 | 78 | ഗൾഫ് സ്റ്റീൽ കിച്ചൺ | 5 |
| 8 | 86 | റോയൽ സോഫാ വർക്സ് | 3 |
| 9 | 88 | അജ്മൽ സോ മിൽ | 4 |
| 10 | 158 | ഫ്രണ്ട്സ് മാരുതി വർക്ക് ഷോപ്പ് | 4 |

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ്-ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. 3 ൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന കച്ചവട സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളത്. 2 ൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന ധാരാളം കച്ചവട സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (10/22.01.2019) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

## 2-4 വില്ലേജ് ഓഫീസിൽ നിന്ന് വസ്തു നികുതി നിർണയിച്ചതിലെ അപാകത

ഗ്രാമ പഞ്ചായത്തിലെ 11ാം വാർഡിലെ 116ാം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസ് കെട്ടിടത്തിന് വസ്തു നികുതി നിർണയിച്ചതിൽ ഉപയോഗതരം വാണിജ്യാവശ്യത്തിനുള്ളവ എന്നാണ് കാണിച്ചിട്ടുള്ളത്. വസ്തു നികുതി നിർണയ വിവരങ്ങൾ അടങ്ങിയ ഫോം 6 പ്രകാരം പ്രസ്തുത കെട്ടിടത്തിന് 20 വർഷം കാലപ്പഴക്കം ഉണ്ട്. ഓഫീസ് കെട്ടിടത്തിന്റെ ആകെ തറവിസ്തീർണം 68 ച.മീറ്ററാണ്. അടിസ്ഥാന വസ്തു നികുതി 50 രൂപ നിരക്കൽ ഇളവ്/വർദ്ധനവ് എന്നിവക്ക് ശേഷം വാർഷിക വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത് 3740 രൂപയാണ്. എന്നാൽ വസ്തു നികുതി പരിഷ്കരണത്തോടനുബന്ധിച്ച് പുറപ്പെടുവിച്ച സ.ഉ (എം.എസ്) നം 144/15 ത.സ്വ.ഭ.വ തിയതി 27.04.2015 പ്രകാരം വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി 100% വർദ്ധനവ് വരുത്തി നികുതി നിർണയിച്ചത് മൂലം നിലവിൽ 664 രൂപയിൽ ആയത് പരിമിതപ്പെടുത്തിയിരിക്കുകയാണ്, ആയത് ക്രമപ്രകാരമല്ല. വിശദ വിവരം ചുവടെ ചേർക്കുന്നു,

| | |
|---|---|
| പഴയ നികുതി (ARV) | 332 |
| സ.ഉ (എം.എസ്) നം 144/15 ത.സ്വ.ഭ.വ തിയതി | 664 |

| | |
|---|---|
| 27.04.2015 പ്രകാരം വാണിജ്യ കെട്ടിടങ്ങളുടെ വാർഷിക വസ്തു നികുതി 100% വർദ്ധനവ് വരുത്തി പരിമിതപ്പെടുത്തി | |
| വാർഷിക വസ്തു നികുതി | 664 |
| ഗ്രന്ഥ ശാല വരി (5 %) | 34 |
| ആകെ (നിലവിൽ വാർഷികമായി ഡിമാന്റ് ചെയ്യുന്ന തുക) | 698 |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപചാർജ്ജും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല. ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ല. എന്നാൽ 27.04.2015 ലെ സ.ഉ(എം.എസ്)നം.144/15/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിക്കുമ്പോൾ വാണിജ്യ, വ്യവസായ വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് മാത്രമാണ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്ന് ഉത്തരവായിട്ടുള്ളത്. ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി തറവിസ്തിർണത്തിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കേണ്ടത്. എന്നാൽ മേൽ പട്ടിക പ്രകാരം വില്ലേജ് ഓഫീസ് കെട്ടിടത്തിന് വർദ്ധനവ് 100 ശതമാനമായി നിജപ്പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നിർണയിക്കേണ്ടത് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| അടിസ്ഥാന വസ്തു നികുതി (68X50) | 3400 |
| ഇളവ്<br>കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ (10%) | 340 |
| വർദ്ധനവ് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ (20%) | 680 |
| കെട്ടിടത്തിന്റെ അടിസ്ഥാന വാർഷിക വസ്തു നികുതി (3400 +680-340 ) | 3740 |
| ഗ്രന്ഥ ശാല വരി (5%) | 187 |
| ആകെ | 3927 |

വസ്തു നികുതി പുനർനിർണയിച്ച് ഡിമാന്റ് ക്രമീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (16/24.01.2019) തുടർ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പെരുമണ്ണ ക്ലാരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 9(1) പ്രകാരം HMC യുടെ ഓഡിറ്റ് ഈ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 9 (1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം(ജൂലൈ 31) കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം, പെരുമണ്ണ ക്ലാരി എച്ച്.എം.സി രൂപീകരിച്ചതു മുതൽ 2017-18 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/17.01.2019) HMC ഫണ്ട് രൂപീകരിച്ചതു (2014 ഓഗസ്റ്റ്) മുതൽ 2017-18 വരെയുള്ള വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 3-2 പരിരക്ഷാ പദ്ധതിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭ്യമായില്ല

പരിരക്ഷാ പാലിയേറ്റീവ് കെയർ (SOO24/18) പദ്ധതിയുമായി (അടങ്കൽ 4,60,000) ബന്ധപ്പെട്ട് മരുന്ന് വാങ്ങുന്നതിന് താഴെപ്പറയും പ്രകാരം 1,82,128 രൂപ ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ,

തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ടിന്റെ പേര് / നമ്പർ | ഫണ്ട് | ചെലവഴിച്ച തുക<br>ബിൽ നമ്പർ / തിയ്യതി |
|---|---|---|
| പരിരക്ഷ പദ്ധതിയുടെ (SOO24/18) ഭാഗമായി മരുന്ന് വാങ്ങൽ | പൊതു വിഭാഗം (സാധാരണ വിഹിതം) | ₹ 82,128<br>ബിൽ നമ്പർ 12/2017-18<br>തിയതി 28.03.2018 |
| | തനത് ഫണ്ട് | ₹ 1,00,000<br>ചെക്ക് നമ്പർ 1434793<br>തിയതി 26.03.2018 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (7/17.01.2019) നാളിതു വരെ 51,613 രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ എന്ന് അറിയിച്ചു. ബാക്കി (1,82,128- 51,613) 1,30,515 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ലഭ്യമാവാനവശേഷിക്കുന്ന മരുന്നുകളുടെ തുക 1,30,515/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 <u>പരിരക്ഷ സ്റ്റോർ റൂം - വിട്രിഫൈഡ് ടൈലിന് പകരം സെറാമിക് ടൈൽ ഉപയോഗിച്ചു **-8697/-** രൂപ നഷ്ടം.</u>

പ്രൊജക്ട് നം : 54/18

അടങ്കൽ : 2 ലക്ഷം, എം.ജി(NR)

ചെലവ് : 184217.00 ബിൽ നമ്പർ - 12/28.9.17

കരാർ നം : 33/AE/PMKY/16-17 തീയ്യതി.27.3.17

എംബുക്ക് നം: 91/16-17, 92/16-17, 87/16-17

DSOR :2014, COI.36.19%

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ : ബാലകൃഷ്ണൻ.കെ

പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഐറ്റം.13ആയി സ്റ്റോർ റൂമിന്റെ ഫ്ലോറിൽ 10.13m2 അളവിൽ വിട്രിഫൈഡ്ടൈൽ വിരിച്ചതായി(കോഡ്. നം.11.46.2) എം.ബുക്ക്നം.92/2016-17 ലെ പേജ്.നം.1ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിട്രിഫൈഡ് ടൈലിനു പകരം സെറാമിക് ടൈൽ ആണ് വിരിച്ചിട്ടുള്ളത് എന്ന് 23.1.19 ന് ഓവർസിയർ ശ്രീമതി. സുധർമ്മ.വി.പി.യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കണ്ടു

സെറാമിക് ടൈൽ വിരിക്കുന്നതിന് 1069.10/m2 ആണ് (കോഡ്.നം.11.37) അനുവദനീയമായ നിരക്ക്. ആയതിനാൽ മേൽ പ്രവൃത്തിക്ക് 10.13m2x1069.10/m2=10829.98രൂപ മാത്രമാണ് അനുവദിക്കാവുന്നത്. എന്നാൽ 10.13m2x1927.63/m2=19526.89രൂപ അനുവദിച്ചിട്ടുണ്ട്. ഇതു കാരണം കരാറുകാരന് അർഹമായതിലും 8697.00 രൂപ (19526.89-10829.98=8696.91, 8696.91-(8696.91x0.003%) അധികം ലഭിക്കാൻ ഇടയായിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി നം.17/24.1.19 മുഖേന മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ, മേൽ ക്രമ നമ്പർ ഒന്ന് പ്രകാരം കരാറുകാരന് അധികം നൽകാനിടയായ 8697.00 രൂപ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറുടെയും, അളവുകൾ മേൽപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ബാധ്യതയായി നിജപ്പെടുത്തുന്നു.

<u>2) സ്റ്റോർ റൂമിന്റെ ഭിത്തിയിൽ വലിയ വിള്ളൽ വീണത് സംബന്ധിച്ച്</u>

സ്റ്റോർ റൂമിന്റെ പടിഞ്ഞാറു വശത്തുള്ള (ലോംഗ് വാളിന്റെ) ലാറ്ററൈറ്റ് കൊണ്ട് നിർമ്മിച്ച ചുമരിൽ വലിയ വിള്ളലുകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ചുമരിന് റൂഫ് സ്ലാബിന്റെ ഭാരം വഹിക്കാനുള്ള കഴിവിനെ ദോഷകരമായി ബാധിക്കാവുന്നത്ര വലിയ അളവിലാണ് വിള്ളലുകൾ വീണിട്ടുള്ളത്. ചതുപ്പുനിലം നികത്തിയെടുത്ത സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള PHCകെട്ടിടത്തിന് അനുബന്ധിച്ചാണ് പുതിയ സ്റ്റോർ റൂം പണിതിട്ടുള്ളത്. DR മേസണറി ഉപയോഗിച്ച് ഫൗണ്ടേഷനും

RR ഉപയോഗിച്ച് ബേസ്മെന്റും നിർമ്മിച്ചതിന് മുകളിൽ ലാറ്ററൈറ്റ് കൊണ്ട് ചുമർ പണിയുകയാണ് എസ്റ്റിമേറ്റ് പ്രകാരം ചെയ്തിട്ടുള്ളത്. ചതുപ്പ് നിലം നികത്തിയ സ്ഥലമായിരുന്നിട്ടും കെട്ടിടത്തിന് പ്ലിന്ത് ബെൽറ്റ് നൽകിയിട്ടില്ല. ഇത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ വീഴ്ചയാണ്. അതുപോലെ ഭിത്തിയിൽ വിള്ളൽ വന്നിട്ടും കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ ആയത് പരിഹരിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചതായും കണ്ടില്ല.

ഖണ്ഡിക രണ്ടിൽ പറഞ്ഞ പ്രകാരം ചുമരിൽ ഉണ്ടായിട്ടുള്ള വിള്ളൽ വിദഗ്ദ പരിശോധനക്ക് വിധേയമാക്കി, ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ആയത് സംബന്ധിച്ച റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-4 ഹോമിയോ ഡിസ്പെൻസറിക്ക് സ്റ്റോർ റൂം - അളവ് രേഖപ്പെടുത്തിയതിലെ അപാകതകൾ കാരണം 17697.00 രൂപയുടെ നഷ്ടം.

പ്രൊജക്ട് നം : 55/18

അടങ്കൽ : 2 ലക്ഷം, എം.ജി(NR)

ചെലവ് : 196742.00 ബിൽ നമ്പർ - 15/28.9.17

കരാർ നം : 34/AE/PMKY/16-17 തീയ്യതി.27.3.17

എംബുക്ക് നം: 93/16-17, 93/16-17, 87/16-17

DSOR :2014, COI.36.19%

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ : ബാലകൃഷ്ണൻ.കെ

1.) ലാറ്ററൈറ്റ് മേസണറിയുടെ അളവ് അധികം രേഖപ്പെടുത്തി

പ്രൊജക്ടിന്റെ എസ്റ്റിമേറ്റിലെ ഐറ്റം.4ആയി. ലാറ്ററൈറ്റ് ഉപയോഗിച്ച്(കോഡ്. നം.50.6.7.2) 6.428എം3 അളവിൽ താഴെ പറയും പ്രകാരം ചുമർകെട്ടിയതായി എം.ബുക്ക്നം. 93/2016-17 ലെ പേജ്.നം.14ൽ രേഖപ്പെടുത്തിയിട്ടുണ്ട്. (എം.ബുക്ക് നം.93/2016-17 ലെ പേജ്.നം,6പ്രകാരം 5.325എം3ഉം, എം.ബുക്ക് നമ്പർ.87/2016-17 ലെ പേജ്.നം,10പ്രകാരം 1.103എം3ഉം) . എം.ബുക്ക് നം. 93/2016-17 ലെ പേജ്.നം,6ൽ 5.325എം3 അളവ് രേഖപ്പെടുത്തിയത് താഴെ പറയും പ്രകാരമാണ്.

2.5x2.1x.2=1.05 m3(Short wall R below lintel)

2.75x2.1x.2=1.155m3(Short wall L below lintel)

3.15x3x.2=1.89 m3(long wall up to roof slab)

2.5x3x.2=1.5 m3

-1x1.35x.2=0.27 m3 (deduction)

ആകെ. 5.325 m3

എന്നാൽ 23.1.19 ന് ഓവർസിയർ ശ്രീമതി.സുധർമ്മ.വി.പി.യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ മേൽ പ്രവൃത്തിതാഴെ പറഞ്ഞ അളവിൽ മാത്രമെ നിർവ്വഹിച്ചിട്ടുള്ളു എന്ന് കണ്ടു.

2.5x2.1x.2=1.05 m3(Short wall R below lintel)

2.75x2.1x.2=1.555m3(Short wall L below lintel)

3.15x3x.2=1.89 m3(Short wall L below lintel)

-1x3x1.35x.2=0.27 m3 (deduction)

ആകെ. 3.825 m3

മേൽ അപാകത കാരണം കരാറുകാരന് താഴെ പറയും പ്രകാരം 9889.00രൂപ അധികം നൽകാൻ നൽകാൻ

ഇടയായിട്ടുണ്ട്.

അനുവദിച്ച തുക – 6.428x6592.99/m3 = 42379.74

അനുവദിക്കാവുന്ന തുക – 3.825+1.103=4.928x6592.99/m3 = 32490.25

അധികം - 42379.74-32490.25=9889.48 x.003%ടെണ്ടർ കുറവ് =9889.19

2.) <u>സെറാമിക് ടൈലിന്റെ നിരക്കിന് പകരം വിട്രിഫൈഡ് ടൈലിന്റെ നിരക്ക് അനുവദിച്ചു.</u>

പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റിലെ ഐറ്റം.13ആയി. ഫ്ലോറിലും, റേക്കിന്റെ ഉപരിതലത്തിലും താഴെ പറയും പ്രകാരം 14.84m2 അളവിൽ വിട്രിഫൈഡ്ടൈൽ വിരിച്ചതായി(കോഡ്. നം.11.46.2) എം.ബുക്ക്നം.94/2016-17 ലെ പേജ്.നം.2ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

2.7x2.3=6.21m2 (ഫ്ലോർ)

3.7x0.7=2.59m2 (റാക്ക്)

3.6x1.05=3.78m2 (റാക്ക്)

3.6x0.9=3.24m2 (റാക്ക്)

6.4x0.1=0.64m2 (സ്കർട്ടിംഗ്)

<u>2x2.7x0.3=1.62m2</u> (deduction)

<u>ആകെ 14.84$m^2$</u>

എന്നാൽ റാക്കിൽ സെറാമിക് ടൈൽ ആണ് വിരിച്ചിട്ടുള്ളത് എന്ന് 23.1.19 ന് നടത്തിയ സ്ഥല പരിശോധനയിൽ കണ്ടു.

സെറാമിക് ടൈൽ വിരിക്കുന്നതിന് 1069.63/$m^2$(കോഡ്.നം.11.37) നിരക്ക് ആണ് അനുവദനീയമായിട്ടുള്ളത്. ആയതിനാൽ മേൽ പ്രവൃത്തിക്ക് താഴെ പറയും പ്രകാരം 20798.22 രൂപ മാത്രമാണ് അനുവദിക്കാവുന്നത്.

5.74m2x 1927.63/$m^2$=11064.59 +

9.1m2x 1069.63/$m^2$=<u>9733.63</u>

<u>20798.22</u>

എന്നാൽ14.84m2x1927.63/$m^2$=28606.03രൂപ അനുവദിച്ചിട്ടുണ്ട്. ഇതു കാരണം കരാറുകാരന് അർഹമായതിലും 7807.56 (7807.80- (7807.80 x0.003/100) രൂപ അധികം ലഭിക്കാൻ ഇടയായിട്ടുണ്ട്.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറിനം.18/24.1.19മുഖേനെ വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ, മേൽപ്പറഞ്ഞ പ്രകാരം കരാറുകാരന് അധികം നൽകാനിടയായ 9889.00+7808.00=17697.00 രൂപ പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയറുടെയും, അളവുകൾ മേൽപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-5 <u>പൊതുമരാമത്ത് പ്രൊജക്ടുകളുടെ ആസൂത്രണവും നിർവ്വഹണവും - പൊതുവായ ന്യൂനതകൾ</u>

പൊതുമരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ പൊതുവായ ന്യൂനതകൾ താഴെ പറയുന്നു.

1. <u>പ്രൊജക്ട് പൂർത്തീകരണത്തിലും, ഫണ്ട് വിനിയോഗത്തിലും വേണ്ടത്ര പുരോഗതി കൈവരിക്കാനായിട്ടില്ല.</u>

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ 69 പൊതു മരാമത്ത് പ്രൊജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. പ്രസ്തുത പ്രൊജക്ടുകളിൽ 44 എണ്ണം, 63.76 %, മാത്രമാണ് തൻ വർഷം നിർവ്വഹിച്ചിട്ടുള്ളത് . ആയതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| | പുതിയ പ്രൊജക്ടുകൾ | ശതമാനം | സ്പിൽഓവർ പ്രൊജക്ടുകൾ | ശതമാനം | ആകെ പ്രൊജക്ടുകൾ |
|---|---|---|---|---|---|
| അംഗീകരിച്ച പ്രൊജക്ടുൾ | 46 | 66.66 | 23 | 33.34 | 69 |
| നടപ്പാക്കിയവ | 25 | 54.35 | 19 | 82.61 | 44 |
| നടപ്പാക്കാത്തവ | 21 | 45.65 | 4 | 17.39 | 25 |

മരാമത്ത് പ്രൊജക്ടുകൾക്ക് തൻവർഷം ആകെ വകയിരുത്തിയിരുന്ന 18443559.00 രൂപയിൽ 9669902.00 രൂപ, 52.43%, മാത്രമാണ് തൻവർഷം ചെലവഴിക്കാനായത്. തൻവർഷം വകയിരുത്തിയ വിവിധ ഫണ്ടുകൾ വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ഫണ്ടിനം | വകയിരുത്തിയത് | ചെലവഴിച്ചത് | ചെലവ് ശതമാനം. | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| തനത് ഫണ്ട് | 4047740 | 1536125 | 37.95 | 2511615 |
| പ്ലാൻ ഫണ്ട്(ജനറൽ) | 2162120 | 1897611 | 87.76 | 264509 |
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 0 | 0 | 0 | 0 |
| ഫൈനാൻസ് കമ്മീഷൻ ഗ്രാന്റ് | 5057123 | 2989280 | 59.11 | 2067843 |
| ലോകബാങ്ക് ധനസഹായം | 950045 | 922811 | 97.13 | 27234 |
| മറ്റ് തദ്ദേശ സ്ഥാപനം | 250000 | 0 | 0 | 250000 |
| എം.ജി (റോഡ്) | 3054684 | 1329924 | 43.53 | 1724760 |
| എം.ജി (നോൺറോഡ്) | 2921847 | 994151 | 34.02 | 1927696 |
| ആകെ | 18443559 | 9669902 | 52.43%, | 8773657 |

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാനാകാത്ത വിഷയം കമ്മിറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടെന്ന് കാണുന്നുണ്ട്. ഉദാഹരണത്തിന് 5.1.18 ൽ ചേർന്ന മീറ്റിംഗിലെ 1ാം നമ്പർ തീരുമാനം അനുസരിച്ച് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഏറ്റവും കൂടുതൽ ഫണ്ട് വകയിരുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രൊജക്ടുകളുടെ ചെലവ് ശതമാനം ഏറ്റവും കുറവാണെന്ന് വിലയിരുത്തിയിട്ടുണ്ട്. ഈ മീറ്റിംഗിന് മുമ്പും ഇതിന് ശേഷവും നടന്ന എല്ലാ മീറ്റിംഗുകളിലും പ്രൊജക്ടുകളുടെ ചെലവ് ശതമാനം സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത മീറ്റിംഗിൽ ഒന്നിലും അസിസ്റ്റന്റ് എഞ്ചിനീയർ പങ്കെടുക്കുകയോ, പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ ഉണ്ടായ കാലതാമസത്തിനുള്ള കാരണം വിശദീകരിക്കുകയോ ചെയ്തിട്ടില്ല. അതുപോലെ പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ ഉണ്ടായ കാലതാമസത്തിനുള്ള കാരണങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി വസ്തുതാപരമായി വിലയിരുത്തുകയോ അതിന് പ്രതിവിധി നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ല. തൻവർഷത്തെ പ്രൊജക്ടുകളിൽ അഞ്ച് ലക്ഷത്തിൽ കൂടുതൽ അടങ്കലുണ്ടായിരുന്ന 4 പ്രൊജക്ടുകളാണ് ഉണ്ടായിരുന്നത്. ഇവയിൽ 91/18, 133/18 എന്നീ പ്രൊജക്ടുകൾ ടെണ്ടർ ചെയ്ത് 25.1.18 ന് കരാർ ഒപ്പുവച്ചിട്ടുണ്ട്. എന്നാൽ തൻ വർഷം ഈ പ്രൊജക്ടുകൾക്ക് തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. അതുപോലെ 18 ലക്ഷം രൂപ അടങ്കലുണ്ടായിരുന്ന 166/18 നമ്പർ പ്രൊജക്ടിന്റെ ടെണ്ടർ 24.3.18ന് ഓപ്പൺ ചെയ്തത് 23.4.18 നാണ് കരാറിൽ ഒപ്പുവച്ചിട്ടുള്ളത്. വലിയ അടങ്കലുള്ള പ്രസ്തുത പ്രൊജക്ടുകളുടെ നിർവ്വഹണത്തിന്റെ പുരോഗതിപോലും സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം നിരീക്ഷിക്കുകയോ വിലയിരുത്തുകയോ ചെയ്തിട്ടില്ല. ഇതിൽ നിന്നും പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് പൊതുവായ വിലയിരുത്തലുകൾ നടത്തുകയല്ലാതെ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രവർത്തനങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തുന്നതിനും ചെലവ് ശതമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല എന്ന് വ്യക്തമാണ്. ആയതിനാൽ മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാനാകാതെ

പോയതിന് നിർവ്വഹണ ഉദ്യോഗസ്ഥനെപ്പോലെ തന്നെ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്കും ഉത്തരവാദിത്തമുണ്ട്.

2 . പ്രൊജക്ടുകൾക്ക് ലഭ്യമായതിലും അധികം തനത് ഫണ്ട് വകയിരുത്തുന്നു

തൻവർഷം മരാമത്ത്, മരാമത്ത് ഇതര പ്രൊജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തിയതിന്റെ വിശദാംശം താഴെ പറയും പ്രകാരമാണ്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ വകയിരുത്തിയ തനത് ഫണ്ട് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|
| വി.ഇ.ഒ | 1253700 | 863700 | 390000 |
| ഐ.സി.ഡി.എസ് | 200000 | 0 | 200000 |
| സെക്രട്ടറി | 1542639 | 223933 | 1318706 |
| മേഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 157333 | 16024 | 141309 |
| ഹെഡ്മാസ്റ്റർ | 86600 | 86600 | 0 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 4047740 | 1536125 | 2511615 |
| ആകെ | 7288012 | 2726382 | 4561630 |

തൻവർഷത്തെ വാർഷിക കണക്ക് പ്രകാരം പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ വരവ് ചെലവ് കണക്ക് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മുൻബാക്കി | 6616838 |
| വരവ് | 6241702 |
| അകെ | 12858540 |
| ചെലവ് | 8255902 |
| നീക്കിയിരിപ്പ് | 4602638 |

തൻവർഷം ലഭ്യമായ തനത് ഫണ്ടിനേക്കാൾ 1046310.00 (7288012 - 6241702.00 ) രൂപ പ്രൊജക്ടുകൾക്ക് വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടുകൾ മുഴവൻ പൂർത്തിയാക്കിയിരുന്നുവെങ്കിൽ കേവലം 41008.00 രൂപ (4602638-4561630) മാത്രമെ തനത് ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുമായിരുന്നുള്ളൂ. ജീവനക്കാരുടെ ശമ്പളം, കറന്റ് ചാർജ്, വാട്ടർ ചാർജ് തുടങ്ങിയ അനിവാര്യ ചെലവുകൾ നടത്തുന്നതിന് പ്രസ്തുത തുക പര്യാപ്തമാകുമായിരുന്നില്ല. ഈ സാഹചര്യത്തിൽ, തൻവർഷം മരാമത്ത് പ്രൊജക്ടുകളുൾപ്പെടെയുള്ള പ്രൊജക്ടുകൾക്ക് വകയിരുത്തിയ തനത് ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ സാധ്യമാകില്ല എന്ന ബോധ്യത്തോടു കൂടി തന്നെയാണ് പ്രൊജ്കട്ടുകളിൽ തനത് ഫണ്ട് വകയിരുത്തിയത് എന്ന് ഓഡിറ്റ് അനുമാനിക്കുന്നു.

തൻവർഷം തനത് ഫണ്ട് വകയിരുത്തിയ 18 മരാമത്ത് പ്രൊജക്ടുകളിൽ 14 എണ്ണം റോഡ് പ്രൊജക്ടുകളും അവശേഷിക്കുന്നവ നോൺ റോഡ് പ്രൊജക്ടുകളുമാണ്. മരാമത്ത് പ്രൊജക്ടുകൾക്ക് വകയിരുത്തിയ മെയിന്റനനസ് ഗ്രാന്റ് (റോഡ്), മെയിന്റനനസ് ഗ്രാന്റ് (നോൺ റോഡ്) ഫണ്ടുകളുടെ ചെലവ് ശതമാനം യഥാക്രമം 43.53, 34.02ശതമാനം മാത്രമാണ്(ക്രമ നമ്പർ 1 ലെ പട്ടിക കാണുക). പ്രൊജക്ടുകൾക്ക് വകയിരുത്തിയ തനത് ഫണ്ട് ഇതര ഫണ്ടുകൾ കാര്യക്ഷമമായി വിനിയോഗിക്കാതെ നഷ്ടപ്പെടുത്തുകയും, പ്രസ്തുത ഫണ്ടുകൾ വിനിയോഗിക്കാവുന്ന പ്രൊജക്ടുകൾക്ക് തനത് ഫണ്ട് വകയിരുത്തി ചെലവഴിക്കുകയും ചെയ്യുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രതയെ ദോഷകരമായി ബാധിക്കുന്ന നടപടിയാണ്.

3 . സ്പിൽ ഓവർ പ്രൊജക്ടുകൾ പൂർത്തിയാക്കിയിട്ടില്ല..

വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയ 4 പ്രൊജക്ടുകൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല. സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. വളരെ കുറച്ച് പ്രൊജക്ടുകളെ ഓരോ വർഷവും പുതുതായി ആവിഷ്കരിക്കപ്പെടുന്നുള്ളൂവെങ്കിലും പ്രസ്തുത പ്രൊജക്ടുകളിൽ നല്ലൊരു പങ്കും നിർവ്വഹിക്കപ്പെടാതിരിക്കുന്നത് സ്പിൽഓവർ പ്രൊജക്ടുകൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്.

4. പ്രൊജക്ടുകൾ വാർഡുകൾക്കിടയിൽ വീതംവയ്ക്കപ്പെടുന്നു.

ഗ്രാമ പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിന് പകരം, പ്രൊജക്ടുകൾ വാർഡുകൾക്കിടയിൽ വീതം വയ്ക്കപ്പെടുകയാണ് ചെയ്യുന്നത്. ഇത് പ്രൊജക്ടുകളുടെ അടങ്കൽ ചെറുതാകുന്നതിന് കാരണമാകുന്നുണ്ട്. തൻവർഷം ഗ്രാമ പഞ്ചായത്ത് നിർവ്വഹണത്തിനായി അംഗീകാരം വാങ്ങിയ പ്രൊജക്ടുകളെ അടങ്കലിന്റെ അടിസ്ഥാനത്തിൽ താഴെ തരം തിരിച്ചതിൽനിന്നും ഇക്കാര്യം വ്യക്തമാണ്.

| അടങ്കൽ | | | | | |
|---|---|---|---|---|---|
| 1ലക്ഷം വരെ | 100001മുതൽ2 ലക്ഷം വരെ | 200001മുതൽ 3ലക്ഷം വരെ | 300001മുതൽ 4ലക്ഷം വരെ | 400001മുതൽ 5ലക്ഷം വരെ | 500001ൽ അധികം |
| 10 | 23 | 21 | 9 | 4 | 2 |
| 14.50% | 33.33% | 30.43% | 13.04% | 5.80% | 2.90% |

5. മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്ട് നിർവ്വഹണം ആദ്യം മുതൽ അവസാനം വരെ വിഭാവനം ചെയ്ത രീതിയിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6. മരാമത്ത് പ്രൊജക്ടുകളുടെ ടെണ്ടറുകളിൽ മത്സരം ഇല്ല.

2017-18 വാർഷിക പദ്ധതി പ്രകാരം നിർവ്വഹിച്ച എല്ലാ പ്രൊജക്ടുകളും കരാറുകാർ മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. ടെണ്ടർ രജിസ്റ്റർ പ്രകാരം തൻവർഷം നാല് ഇ ടെണ്ടർ ഉൾപ്പെടെ ആകെ 49പ്രൊജക്ടുകളാണ് തൻവർഷം ടെണ്ടർ ചെയ്തിട്ടുള്ളത്. ആയതു പ്രകാരം ലഭിച്ച നിരക്കുകളും മറ്റ് വിവരങ്ങളും താഴെ പറയുന്നു.

| മാന്വൽ ടെണ്ടർ ചെയ്ത പ്രൊജക്ടുകൾ ( 45 എണ്ണം) | | | | |
|---|---|---|---|---|
| ലഭിച്ച ടെണ്ടറുകളുടെ എണ്ണം | | ലഭിച്ച നിരക്ക് (എണ്ണം) | | |
| രണ്ടെണ്ണം | രണ്ടിൽ കൂടുതൽ | എസ്റ്റമേറ്റ് നിരക്ക് | ടെണ്ടർ കുറവ് | ടെണ്ടർ സേവിംഗ്സ് |
| 45 | ഇല്ല | 45 | ഇല്ല | ഇല്ല |

| ഇ ടെണ്ടർ ചെയ്ത പ്രൊജക്ടുകൾ ( 4എണ്ണം) | | | | |
|---|---|---|---|---|
| ലഭിച്ച ടെണ്ടറുകളുടെ എണ്ണം | | ലഭിച്ച നിരക്ക് (എണ്ണം) | | |
| രണ്ടെണ്ണം | രണ്ടിൽ കൂടുതൽ | എസ്റ്റമേറ്റ് നിരക്ക് | ടെണ്ടർ കുറവ് | ടെണ്ടർ സേവിംഗ്സ് |
| 2 | 2 | ഇല്ല | 4 | 569964 |

മാന്വൽ ടെണ്ടർ ചെയ്ത പ്രൊജക്ടുകളിൽ സാധാരണ ടെണ്ടർ കുറവ് ലഭിക്കാറുള്ള കോൺക്രീറ്റ് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണ പ്രൊജക്ടുകളും (11 എണ്ണം) ഉൾപ്പെട്ടിരുന്നു. ഈ പ്രൊജക്ടുകൾക്കും എസ്റ്റിമേറ്റ് നിരക്കാണ് ലഭിച്ചിട്ടുള്ളത്. അതുപോലെ പ്രസ്തു പ്രൊജക്ടുകളിൽ 23 പ്രൊജക്ടുകളിൽ പി.ബഷീർ എന്ന കരാറുകാരനും 17 പ്രൊജക്ടുകളിൽ ഗോപാലൻ.എ എന്ന കരാറുകാരനുമാണ് L1 നിരക്ക് സമർപ്പിച്ചിട്ടുള്ളത്.

രണ്ടിൽ അധികം നിരക്കുകൾ ലഭിക്കാതിരിക്കുന്നതും പ്രൊജക്ടുകളിൽ ഭൂരിഭാഗത്തിനും രണ്ട് കരാറുകാർ മാത്രം നിരക്ക് സമർപ്പിക്കുന്നതും കുറഞ്ഞ നിരക്കിൽ ടെണ്ടർ ലഭിക്കുന്നതിനുള്ള സാധ്യത തീർത്തും ഇല്ലാതാക്കുന്നതാണ്. ഇ ടെണ്ടർ ചെയ്ത പ്രൊജക്ടുകളിൽ ടെണ്ടർ കുറവ് ലഭിച്ചതിൽ നിന്നും ഇക്കാര്യം വ്യക്തമണ്.

മേൽപ്പറഞ്ഞ നിരീക്ഷണങ്ങൾ ഓഡിറ്റ് എൻക്വയറി നം.15/23.1.19 മുഖേനെ ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും, എക്സിറ്റ് മീറ്റിംഗിൽ ആയത് പ്രത്യേകം ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്.

## 3-6 ചെലവ് രേഖകൾ ലഭിച്ചിട്ടില്ല

വാർഡ്തല ശുചീകരണ പ്രവർത്തനങ്ങൾക്ക് സാനിറ്റേഷൻ കമ്മിറ്റികൾക്ക് നല്കുന്നതിനായി കൺവീനറായ മെഡിക്കൽ ഓഫീസർക്ക് വൗച്ചർ നമ്പർ 21700189/23.06.2017 പ്രകാരം 1,53,344/- രൂപ അനുവദിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർ തുക കൈപ്പറ്റിയതിന്റെയും അവ സാനിറ്റേഷൻ കമ്മിറ്റികൾക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ഏതൊക്കെ വാർഡുകളിലാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതെന്നോ സാനിറ്റേഷൻ കമ്മിറ്റികൾ ഏതുവിധമാണ് തുക ചെലവഴിച്ചതെന്നോ ഉള്ള രേഖകൾ ഓഡിറ്റിന് ലഭിച്ചിട്ടില്ല. ഇവ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/2019 തിയതി 22.01.2019) മറുപടി ലഭിച്ചിട്ടില്ല.

രേഖകൾ ലഭ്യമാവുന്നതുവരെ ചെലവ് തുക 1,53,344/- രൂപ തടസം ചെയ്യുന്നു.

## 3-7 കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചില്ല

സെക്രട്ടറി നിർവഹണം നടത്തിയ 167/18 എന്ന പ്രൊജക്ട് തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി തയ്യാറാക്കി അംഗീകാരം വാങ്ങിയതാണ്. ഇതിന് എട്ട് ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തുകയും ട്രഷറി ബിൽ 26/28.03.2018 പ്രകാരം 7,81,860/- രൂപ കെ.എസ്.ഇ.ബി എടരിക്കോട് സെക്ഷന് അവരുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്. 26.03.2018 ന് ഒപ്പുവെച്ച കരാറിൽ 2018 ഏപ്രിൽ 15 ന് പ്രവൃത്തി ആരംഭിച്ച് ഡിസംബർ 31ന് പൂർത്തീകരിക്കുമെന്നും പൂർത്തീകരണ റിപ്പോർട്ട് രണ്ട് ആഴ്ചക്കുള്ളിൽ സ്ഥാപനത്തിന് ലഭ്യമാക്കുമെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പ്രവർത്തന പുരോഗതി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (12/2019 തിയതി 22.01.2019) മറുപടി ലഭിച്ചിട്ടില്ല. ചെലവ് തുക 7,81,860/- രൂപ തടസം ചെയ്യുന്നു.

## 3-8 പട്ടികജാതിയിൽ പെട്ട വൃദ്ധർക്ക് കട്ടിൽ - നിർവ്വഹണത്തിലെ അപാകതകൾ

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "SC വൃദ്ധർക്ക് കട്ടിൽ" എന്ന പ്രൊജക്ട് പ്രകാരം (Pr.No.SO131/18), 2017-18 വർഷത്തിൽ വികസന ഫണ്ടിൽ നിന്നും 1,52,232 രൂപ ചെലവഴിച്ചിട്ടുണ്ട് (Try. Bill No/date: 13/28-3-18, Agency : SIDCO Pro.Invoice No/date: MJRI/17-18/TI/0336,1-3-18). ആയതിന്റെ ചെലവുരേഖകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1)ബി.പി.എൽ. വിഭാഗത്തിൽ പെടാത്തവർക്ക് ആനുകൂല്യം നൽകി

GO(MS)No. 80/2017/LSGD, തീയതി: 3-4 -17 , ഖണ്ഡിക 2(15) പ്രകാരം സർക്കാർ/അർദ്ധ സർക്കാർ/എയ്ഡഡ്/സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ. പെൻഷണർ/ഫാമിലി പെൻഷണർ എന്നിവരിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബത്തെ ജനറൽ ( 1,00,000),SC(2,00,000) രൂപയിൽ കുറവ് വരുമാനം ഉള്ളരായി കണക്കാക്കാവുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ ആനുകൂല്യം ലഭിക്കാൻ അർഹത ഇല്ലാത്തവരാണെന്ന് കാണുന്നു.

i) കുഞ്ഞമ്മ കൊല്ലഞ്ചേരി, W/o ചാത്തപ്പൻ, കിഴക്കിനിത്തറ, ആദ്യശ്ശേരി - റേഷൻ കാർഡ് പ്രകാരം ടിയാൾ സംസ്ഥാന സർക്കാർ ജീവനക്കാരിയാണ്(Ration Card No. 2054043067, ആധാർകാർഡ് നമ്പർ :4922 5500 6956).

ii) രാമൻ ഇല്ലത്തുപടിക്കൽ, കഞ്ഞിക്കുഴിങ്ങര, പെരുമണ്ണ-ക്ലാരി - റേഷൻ കാർഡ് പ്രകാരം ടിയാൻ സർവ്വീസ് പെൻഷണറാണ്(Ration Card No. 2054019436, ആധാർകാർഡ് നമ്പർ 8308 4997 5175).

മേൽപരാമർശിച്ച ഗുണഭോക്താക്കളിൽ നിന്നും ചെലവ് തുക 2x4350 =8,700/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-9 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - നിർവ്വഹണത്തിലെ അപാകതകൾ

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ നടപ്പിലാക്കിയ "പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് (SC) എന്ന പ്രൊജക്ട് പ്രകാരം (നമ്പർ : SOO73/18) മൂന്ന് ഗുണഭോക്താക്കൾക്ക് ലാപ്പ്ടോപ്പ് നൽകിയ ഇനത്തിൽ തൻ വർഷത്തിൽ 89,850 രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. (Try. Bill No/Date: 14/28-3-18.Inv.No/date: KSEDC/CLT/17-18/PRO/801, 21-3-18). ആയതിന്റെ ചെലവു

രേഖകൾപരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) റീനീഷ്, S/o ഭാസ്കരൻ, MA, മലയാളം സർവ്വകലാശാല,തിരൂർ, മലപ്പുറം.

2) പ്രിൻസി, D/o ഗിരീഷ് വളപ്പിൽ, BA, Tirur Co-op Arts & Science College, തിരൂർ.

3) ജിതിൻ സി.കെ, B.Sc. PSMO College, തിരൂരങ്ങാടി.

എന്നീ വിദ്യാർത്ഥികൾക്കാണ് ലാപ്പ്ടോപ്പുകൾ നൽകിയിട്ടുള്ളത്. ഇതിൽ ക്രമ നമ്പർ (1)ലെ ഗുണഭോക്താവ് മാത്രമേ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നുള്ളൂ (18-8-17 ലെ 1(1) നമ്പർ തീരുമാനം). ക്രമ നമ്പർ (3)ലെ ഗുണഭോക്താവായ ശ്രീ ജിതിന് ആനുകൂല്യം അനുവദിക്കാനും ആയതിന് ഗ്രാമസഭയുടെ സാധൂകരണം വാങ്ങുന്നതിനും 3-3-18 ലെ പഞ്ചായത്ത് കമ്മറ്റി യോഗത്തിൽ വെച്ച് തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നമ്പർ :6). ആയത് പ്രകാരം സാധൂകരണം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നും അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത പ്രിൻസി എന്ന ഗുണഭോക്താവിന് (Sl.No.2) ആനുകൂല്യം നൽകാനിടയായതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീയതി: 13/23-1-19) നിർവ്വഹണസമയത്തെ വി.ഇ.ഒ. ആയിരുന്ന ശ്രീ അനിൽകുമാർ 24-1-19 ന് ലഭ്യമാക്കിയ മറുപടിയിൽ, പ്രിൻസിയുടെ മാതാവായ ശ്രീമതി കാർത്ത്യായനിയാണ് പ്രിൻസിക്ക് വേണ്ടി അപേക്ഷ നൽകിയിരുന്നത് എന്നും ടിയാരി അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ജിതിന്റെ കാര്യത്തിൽ ഗ്രാമ സഭയിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പരാമർശിച്ചിട്ടുണ്ട്.ശ്രീമതി കാർത്ത്യായനി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ടി മറുപടി അംഗീകരിക്കുന്നു. ശ്രീ ജിതിന്റെ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. 29,950രൂപ (ഒരു ലാപ്പ്ടോപ്പിന്റെ വില) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 ആശ്രയ പദ്ധതി - നൽകിയ ആനുകൂല്യങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമല്ല

"ആശ്രയ പദ്ധതി - 15-16" എന്ന പ്രൊജക്റ്റ് പ്രകാരം (നമ്പർ/തീയതി: SO 134/18) ശ്രീ വേലായുധൻ നന്നാട്ട് എന്ന ഗുണഭോക്താവിന് 17-18 വർഷത്തിൽ ഭവന പുനരുദ്ധാരണത്തിന് തനത് ഫണ്ടിൽ നിന്നും 20,000 രൂപ നൽകിയിട്ടുണ്ട്(ചെക്ക് നമ്പർ/തീയതി:4930106/9-3-18, A/c No. 5419101001978). ടി പദ്ധതിയുടെ അടങ്കൽ 30,000 രൂപ ആയിരുന്നു.മുഴുവൻ തുകയും നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയായിട്ടില്ല എന്ന് വ്യക്തമാണ്.

നിലവിൽ ആശ്രയ പദ്ധതിക്ക് പകരം അഗതി രഹിത പദ്ധതിയാണുള്ളത്.ടി പദ്ധതി പഞ്ചായത്തിൽ പൂർണ്ണ തോതിൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ എന്നാണ് സി.ഡി.എസ്. ചെയർ പേഴ്സൺ അറിയിച്ചത്. ശ്രീ വേലായുധൻ അഗതി രഹിത കേരളത്തിന്റെ പെരുമണ്ണ ക്ലാരി പഞ്ചായത്തിലെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

സമൂഹത്തിന്റെ താഴേ തട്ടിലുള്ളതും വളരെയധികം പരിഗണന അർഹിക്കുന്നവരുമാണ് ആശ്രയ ഗുണഭോക്താക്കൾ. മറ്റു ഗുണഭോക്താക്കളെ അപേക്ഷിച്ച് ആനുകൂല്യങ്ങൾക്കായി അപേക്ഷിക്കാനും ആയത് നേടിയെടുക്കാനും പലവിധ കാരണങ്ങളാൽ കഴിയാത്തവരായിരിക്കും ടിയാളുകൾ. അവർക്ക് ആവശ്യമായ കാര്യങ്ങൾ അവരിലേക്ക് എത്തിച്ചു കൊടുക്കാൻ ത.സ്വ.ഭ.വ. സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ ശ്രീ വേലായുധൻ നന്നാട്ടിന്റെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങളും ആശ്രയ പദ്ധതി വിഭാവനം ചെയ്യുന്ന പ്രകാരമുള്ള അതിജീവന, അടിസ്ഥാന ആവശ്യങ്ങൾ ടിയാന് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങളും അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | 2,38,500 | 79/18നെൽകൃഷിക്ക് കൂലിചെലവ് | 2,38,500 | -- |
| | 1,00,000 | 140/18പച്ചക്കറികൃഷി പ്രോത്സാഹനം വനിത | 39,900 | 60,100 |
| | 7,60,000 | 148/18പാഠശേഖരസമിതിക്ക് ട്രാക്ടർ വാങ്ങൽ | 7,46,500 | 13,500 |
| | 4,80,000 | 159/18സമിതികൾക്ക് ചെറുകിടയന്ത്രങ്ങൾ നൽകൽ | 2,43,840 | 2,36,160 |
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | 24/18പരിരക്ഷാ പാലിയേറ്റീവ് കെയർ | 1,00,000 | -- |
| | 1,00,000 | 13/18അംഗനവാടികൾക്ക് പോഷകാഹാരം | 1,00,000 | -- |
| | 1,00,000 | 15/18ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 1,00,000 | -- |
| | 3,00,000 | 147/18ക്ഷീരകർഷകർക്ക് ഉൽപ്പാദന ബോണസ് | 2,32,447 | 67,553 |
| | 2,50,000 | 118/18സ്കൂളുകൾക്ക് ശുചിമുറി | 0 | 2,50,000 |
| | 2,00,000 | 95/18കിണർ റീചാർജ്ജിംങ് | 0 | 2,00,000 |
| | 26,28,500 | | 18,01,187 | 8,27,313 |
| ജില്ലാ പഞ്ചായത്ത് | 1,00,000 | 15/18ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 31,000 | 69,000 |

കുറിപ്പ്: ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ 31.03.18 ലെ നീക്കിയിരുപ്പ് തുക 827313. B4 ഷെഡ്യൂളിലെ തുകയുമായി (677263) പൊരുത്തപ്പെടുന്നില്ല.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 167/18 സ്ട്രീറ്റ് മെയിൻ നീട്ടൽ | 26/28.03.2018 | 7,81,960 | -- | -- | 7,81,960 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം<br>പലിശ വരവ് | 2,00,000<br>11,441 |
| തൻവർഷം നിക്ഷേപിച്ച തുക | 30,00,000 |
| ആകെ | 32,11,441 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 32,11,441 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| SBI, Edarikode | 2,11,441 | 4550/17.03.2017 |
| PKCB | 30,00,000 | 12215/10.04.2017 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ, തിയതി |
|---|---|---|---|---|
| 2013-14, 2014-15 | 3(1) | 2,346 | രാജീവൻ കെ.സി സെക്രട്ടറി | 117030100779/04.07.17 |
| 2016-17 | 2.3(2) | 28,180 | സെക്രട്ടറി, പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്ത് | 117030105094/07.01.18 |

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

ഇല്ല

## 4-8 ചാർജ്ജ്/സർജ്ജ് നടപടികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2002-03 | 3-14(1,2) | പി.സുബ്രഹ്മണ്യൻ | LF2875/spl.cell /sc/09 | 18,842 | -- | Rt. 11069/43/ 25.10.12 പ്രകാരം തിരിച്ചടച്ചു |
| 2 | 2003-04 | 3-13(1) | എസ്.സുരേന്ദ്രൻനായർ | LF4520/spl.cell /sc5/09 dt. 02.05.12 | 14,484 | -- | Rt. 11065/28/ 14.08.12 പ്രകാരം തിരിച്ചടച്ചു |
| 3 | 2008-09 2010-11 | 3-12 | ഫ്രാൻസിസ് വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയർ | LF1957/spl.cell /C-SC/D1/13 dt. 24.03.15 | 21,631 | 21,631 | അടവാക്കിയ വിവരം ലഭ്യമല്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തവിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,06,69,524 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,52,67,474 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം, ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 35,094 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 10,95,669 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരു |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-3(1) | | 4,348.5 | ശ്രീ. ബിബിൻ എൻ.വി അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 4,348.5 | ശ്രീ.പി.കൃഷ്ണൻ കുട്ടി അസി.എക്സി. എഞ്ചിനീയർ |
| 3-4 | | 8848.5 | ശ്രീ.ബിബിൻ എൻ.വി അസിസ്റ്റന്റ് എഞ്ചീനീയർ |
| | | 8848.5 | ശ്രീ.പി.കൃഷ്ണൻ കുട്ടി അസി.എക്സി. എഞ്ചിനീയർ |
| 3-8 | | 8,700 | ശ്രീ. അനിൽകുമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| | ആകെ | 35,094 | |

സി) ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,30,515 | ഡോ.നസീറ, മെഡിക്കൽ ഓഫീസർ (PHC) |
| 3-6 | 1,53,344 | ശ്രീ. രാജേഷ് എം, സെക്രട്ടറി |
| 3-7 | 7,81,860 | ശ്രീ. രാജേഷ് എം, സെക്രട്ടറി |
| 3-9 | 29,950 | ശ്രീ. അനിൽകുമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 10,95,669 | |

ഡി. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമുള്ളവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിബിൻ എൻ.വി അസിസ്റ്റന്റ് എഞ്ചീനീയർ | അസിസ്റ്റന്റ് എഞ്ചീനീയർ, LSGD സബ് ഡിവിഷൻ, തിരൂരങ്ങാടി | നമ്പ്യാരു വീട്ടിൽ ഹൗസ്, അരിയല്ലൂർ , 676312 |
| ശ്രീ.പി.കൃഷ്ണൻ കുട്ടി, അസി.എക്സി. എഞ്ചിനീയർ, | - | പുളുപറമ്പിൽ ഹൗസ്, മുതിരിപറമ്പ്, പൂക്കോട്ടൂർ, വള്ളുവമ്പ്രം പി.ഒ, മലപ്പുറം, പിൻ-673651 |
| ശ്രീ. അനിൽകുമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പുല്ലൻപാറ ഗ്രാമ പഞ്ചായത്ത് തിരുവനന്തപുരം | ശാന്തി വിലാസം, മതിര പി.ഒ, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| 2001-02 | എൽ.എഫ്.എം.15/69/06/17-7-2006 | 7 |
| 2002-03 | എൽ.എഫ്.എം.11/47/07/16-6-2008 | 10 |
| 2003-04 | എൽ.എഫ്.എം.11/48/07/24-05-2008 | 10 |
| 2004-05 | എൽ.എഫ്.എം.11/2213/08/20-1-2009 | 7 |
| 2005-06 | എൽ.എഫ്.എം.18/786/10/14-09-10 /21-02-11 | 11 |
| 2006-07 | എൽ.എഫ്.എം.18/787/10/14-9-10 /21-2-2011 | 2 |
| 2007-08 | എൽ.എഫ്.എം.3/1250/10/8-11-2010 | 8 |
| 2008-09 മുതൽ 2010-11വരെ | എൽ.എഫ്.15/1874/12/23-8-12 /6-10-12 എൽ.എഫ്.എം.15/2980/12/14-01-13 | 15 |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.15/7/2016 Dtd. 16.02.2016 | 10 |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം.15/2014/2016 Dtd. 07.05.2017 | 6 |
| 2015-16 | കെ.എസ്.എ.എം.പി.എം.15/3213/2016 Dtd. 22.03.2018 | 9 |
| 2016-17 | കെ.എസ്.എ എം.പി.എം 15/1851/2017 dt. 08.09.2017 | 16 |

ഡെപ്യൂട്ടി ഡയറക്ടർ

# I

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.15/1490/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ:dompm.ksad@kerala.gov.in

തീയ്യതി 04/07/2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ പെരുമണ്ണ ക്ലാരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്